പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5697 : 27.10.2011 ൽ മറുപടിയ്ക്ക്

ഐ.ടി.ഐ. ലെ സ്പോക്കൺ ഇംഗ്ലീഷ് പദ്ധതി

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ഐ.ടി.ഐ. കളിൽ നടപ്പിലാക്കിയ സ്പോക്കൺ ഇംഗ്ലീഷ് പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) ഐ.ടി.ഐ. ട്രെയിനികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള കഴിവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2006-07, 2007-08 എന്നീ വർഷങ്ങളിൽ സ്പോക്കൺ ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കിയിരുന്നു. ഇതൊരു പരീക്ഷണ പദ്ധതി ആയാണ് നടപ്പിലാക്കിയിരുന്നത്. |
| (ബി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ബി) ഇല്ല. നിർബന്ധിത പാഠ്യ പദ്ധതിയല്ലാത്തതിനാൽ ട്രെയിനികളുടെ പങ്കാളിത്തം കുറവായിരുന്നു. ആയതിനാൽ തുടർന്ന് പദ്ധതി നടപ്പാക്കിയിരുന്നില്ല. ഡി.ജി.ഇ.റ്റി. ഇപ്പോൾ എംപ്ലോയബിൾ സ്കിൽ എന്നൊരു വിഷയം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം കൂടെ ഉൾപ്പെടുത്തി, നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ